സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം

169 [2304] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്തുള്ള സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊങ്കൺ സ്റ്റോറേജ് ടാങ്കിൽ ഉണ്ടായ തീപിടുത്തം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൊച്ചി തുറമുഖത്തിലെ സുരക്ഷിത സംവിധാനങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2004 ഡിസംബർ 7-ന് വൈകുന്നേരം 4.10-ന് കൊങ്കൺ സ്റ്റോറേജ് സിസ്റ്റംസ് എന്ന സ്വകാര്യ കമ്പനിയുടെ ടാങ്കിൽ ഉണ്ടായ തീപിടുത്തം തുറമുഖ ട്രസ്റ്റിലെയും സർക്കാരിന്റേയും ഫയർ ടെണ്ടറുകൾ ഉപയോഗിച്ച് ഇല്ലായ്മ ചെയ്യുകയുണ്ടായി.

(സി) കൊച്ചി തുറമുഖം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ വരുന്നില്ല. കൊങ്കൺ സ്റ്റോറേജ് ടാങ്കിൽ ഉണ്ടായ തീപിടുത്തത്തെപ്പറ്റി കൊച്ചിൻ പോർട്ട് ട്രസ്റ്റ് നടത്തിയ അന്വേഷണത്തിന് പുറമെ dock safty directorate-ഉം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പും അന്വേഷണം നടത്തി വരുന്നു. അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അവിടത്തെ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2288-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly